# പതിമൂന്നാം കേരള നിയമസഭ
## എഴാം സമ്മേളനം
### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 663 തീയതി 06.02.2013

### സർക്കാർ ജീവനക്കാർക്ക് എച്ച്.ബി.എ അനുവദിക്കുന്നത്

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.എ.എം. ആരിഫ് | ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി |
| എ | സർക്കാർ ജീവനക്കാർക്ക് ലഭ്യമാക്കുന്ന എച്ച്.ബി.എ യ്ക്ക് 2009-10, 2010-11, 2011-12, വർഷങ്ങളിൽ എത്ര അപേക്ഷകളാണ് ലഭിച്ചത്; എത്ര പേർക്ക് തുക അനുവദിച്ചു; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | 2009-10 ൽ 1511 എച്ച്.ബി.എ. അപേക്ഷകൾ ലഭിച്ചു ഇതിൽ 1012 പേർക്ക് ടി വർഷം തന്നെ ഭവനവായ്പ അനുവദിച്ചു. അവശേഷിച്ച 499 പേർക്ക് 2010-11 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഭവനവായ്പ അനുവദിച്ചു.<br>2010-11 സാമ്പത്തിക വർഷത്തിൽ മൊത്തം അപേക്ഷിച്ച 645 അപേക്ഷകർക്കും ടി വർഷം തന്നെ ഭവനവായ്പ അനുവദിച്ചു.<br>2011-12 ൽ ആകെ 2615 അപേക്ഷകൾ ലഭിച്ചു അതിൽ 14 അപേക്ഷകർ വായ്പ ആവശ്യമില്ലെന്നറിയിച്ചു. 2016 പേർക്ക് ടി വർഷത്തിൽ തന്നെ ഭവനവായ്പ അനുവദിച്ചു. ശേഷിച്ച 585 അപേക്ഷകർക്ക് 2012-13 ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഭവനവായ്പ അനുവദിച്ചു തീർപ്പാക്കിയിട്ടുണ്ട്. |
| ബി | എച്ച്.ബി.എ.യ്ക്ക് അപേക്ഷിക്കുന്നവർക്ക് അതാത് വർഷം തന്നെ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഭവനവായ്പയ്ക്ക് അപേക്ഷിക്കുന്ന യോഗ്യരായ അപേക്ഷകർക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഇപ്പോൾ തന്നെ വായ്പ അനുവദിച്ചുവരുന്നുണ്ട്.കൂടാതെ മുൻഗണനാക്രമം തീരുമാനിക്കപ്പെട്ടതിനാൽ അടുത്ത സാമ്പത്തിക വർഷത്തിനകം ശേഷിക്കുന്ന അപേക്ഷകർക്കും വായ്പ ലഭ്യമാകും |

Sobha L

സെക്ഷൻ ഓഫീസർ